No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# 2018– ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

## ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താൽകാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

23.06.2018 ലെ സ.ഉ. നം. (സാധാ) 2016/2018/ആ.കു.വ, 25.06.2018 ലെ സ.ഉ. നം. (സാധാ) 2031/2018/ ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ നിശ്ചിത എണ്ണം എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം തേടുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് **29.06.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനകം സർട്ടിഫിക്കറ്റുകൾ/രേഖകൾ അപ്‌ലോഡ് ചെയ്തിട്ടുള്ള അപേക്ഷകരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ **09.05.2017**ലെ ബഹു.സുപ്രീം കോടതി വിധിയ്ക്ക് അനുസൃതമായി ബന്ധപ്പെട്ട കോളേജ് അധികൃതർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ള അപേക്ഷകരെ മാത്രമാണ് പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്‌ലോഡ് ചെയ്ത രേഖകളിൽ അപാകതകൾ ഉള്ളവരുടെ കാറ്റഗറി തടഞ്ഞുവച്ചിട്ടുണ്ട്. രേഖകളിലെ അപാകതകൾ സംബന്ധിച്ച വിശദാംശങ്ങളും ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള കാറ്റഗറി സംബന്ധമായ വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിലും ലഭ്യമാണ്. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ **03.07.2018 ഉച്ചയ്ക്ക് 1 മണിയ്ക്ക്** മുൻപായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. മേൽ വെബ്സൈറ്റിലെ **'KEAM 2018-Candidate Portal'** എന്ന ലിങ്കിലൂടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **03.07.2018 ഉച്ചയ്ക്ക് 1 മണിയ്ക്ക്** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പുതുതായി ഈ കാറ്റഗറികളിലേയ്ക്ക് സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെയും, മൈനോറിറ്റി മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രവേശനം നൽകുന്നതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
30.06.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**